**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **02-02-2026 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനത്തിന്റെ ഭാഗമായി, അതിദരിദ്രരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതരും ഭവനരഹിതരുമായ എല്ലാവരെയും ദാരിദ്ര്യമുക്തരാക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | സർക്കാരിന്റെ “അതിദാരിദ്യ നിർമ്മാർജന പദ്ധതി” പ്രകാരം സംസ്ഥാനത്ത് കണ്ടെത്തിയ 11095 പട്ടികജാതി കുടുംബങ്ങളെ അതിദാരിദ്ര മുക്തമാക്കി.<br><br>സർക്കരിന്റെ അതിദാരിദ്യ നിർമ്മാർജ്ജന പ്രഖ്യാപനത്തിന്റെ ഭാഗമായി, അതിദരിദ്രരായ പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാവരെയും ദാരിദ്യമുക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ അതിദരിദ്രരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് പ്രത്യേക സഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഭക്ഷണം, ആരോഗ്യം, വരുമാനം, ഭവനം എന്നീ ഘടകങ്ങളായി ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളെ തരം തിരിച്ചാണ് അതിദാരിദ്ര മുക്തമായ കുടുംബങ്ങൾ വീണ്ടും ആ അവസ്ഥയിലേക്ക് വഴുതി വീഴാതിരിക്കാനും അവർക്ക് സുസ്ഥിരമായ ജീവിതസാഹചര്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് EPEP 2.0 (അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി 2.0)ആരംഭിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടക്കുന്ന ഈ പ്രക്രിയയിൽ പങ്കുചേരുവാൻ പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നിലവിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ സാധിക്കുന്നു |

സെക്ഷൻ ഓഫീസർ